# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.312 24.06.2013-ൽ മറുപടിക്ക്**

**മെഡിക്കൽ രംഗത്തെ മൂല്യശോഷണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എം.ആരിഫ്**<br>**,, എം.എ.ബേബി**<br>**,, എം.ചന്ദ്രൻ** | **ശ്രീ.ഉമ്മൻ ചാണ്ടി**<br>( ബഹു.മുഖ്യമന്ത്രി) |
| (എ) പി.എസ്.സി.റാങ്ക് ലിസ്റ്റിലുള്ള ഡോക്ടർ മാർക്ക് നിലവാരമില്ലെന്ന് കാട്ടി പി.എസ്.സി ചെയർമാൻ മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ടോ; | എ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയ്ക്കായി 2013-ൽ കമ്മീഷൻ പൂർത്തിയാക്കിയ തെരഞ്ഞെടുപ്പിനായുള്ള അഭിമുഖം നടത്തിയ വേളയിൽ പബ്ലിക് സർവീസ് കമ്മീഷന്റെ നിരീക്ഷണത്തിൽപ്പെട്ട കാര്യങ്ങൾ റിപ്പോർട്ടായി ബഹു: കേരള മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. |
| (ബി) എങ്കിൽ കത്തിൽ പ്രതിപാദിച്ച നിർദ്ദേശങ്ങൾ വിശദമാക്കുമോ; | ബി) കത്തിൽ പ്രതിപാദിച്ച കാര്യങ്ങളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു:<br>1. ഉദ്യോഗാർത്ഥികളിൽ ഏറെപ്പേർക്കും പിന്നോക്ക പ്രദേശങ്ങളായ മലയോര തീരദേശ മേഖലകളെക്കുറിച്ചോ, അവിടങ്ങളിലെ പ്രത്യേകമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചോ ധാരണയില്ലായിരുന്നു. ഇത് പ്രത്യേക ശ്രദ്ധ പതിയേണ്ട വിഷയമാണ്.<br>2. സംവരണാനുകൂല്യം ലഭിക്കുന്ന സമുദായങ്ങളിലെ ഒന്നാം തലമുറയിൽപ്പെട്ടവരുടെ അസാന്നിദ്ധ്യവും സംവരണാനുകൂല്യത്തിന്റെ പിൻബലത്തിൽ ഉന്നതപദവിയിലെത്തിയവരുടെ രണ്ടാം തലമുറയുടെയും മൂന്നാം തലമുറയുടെയും ആധിപത്യവും ഗൗരവമായ പഠനത്തിനും തുടർന്നുള്ള പരിഹാരത്തിനും വിധേയമാക്കേണ്ടതാണ്.<br>3. സമൂഹത്തിലെ ഉപരിവർഗ്ഗത്തിൽ നിന്നും ഉപരിമദ്ധ്യവർഗ്ഗത്തിൽ നിന്നുമാണ് ഭൂരിഭാഗം ഉദ്യോഗാർത്ഥികളും തെരഞ്ഞെടുപ്പിനായി വന്നിട്ടുള്ളത്. മദ്ധ്യവർഗ്ഗത്തിന്റേയും താഴെത്തട്ടിൽ ഉൾപ്പെട്ടവരുടെയും എണ്ണം ആശങ്ക ജനിപ്പിക്കുംവിധം കുറഞ്ഞിട്ടുള്ളതും വിശകലനം ചെയ്യേണ്ടത് സാമൂഹിക സുസ്ഥിരതയ്ക്ക് അത്യാവശ്യമായിരിക്കും.<br>4. പൊതുവിജ്ഞാനം കരിക്കുലത്തിന്റെ ഭാഗമാക്കേണ്ടതിനെ സംബന്ധിച്ച് ആലോചിക്കേണ്ടതാണ്. |

5. ഫോറൻസിക് മെഡിസിൻ ഉൾപ്പെടെ പല വിഷയങ്ങളെക്കുറിച്ചുമുള്ള അറിവ് നന്നെ കുറവായിരുന്നു. മെഡിക്കൽ എത്തിക്ക്സിനെ ക്കുറിച്ചുള്ള അജ്ഞതയും പ്രകടമായിരുന്നു. ആശയവിനിമയത്തിലുള്ള പോരായ്മയും ദൃശ്യ മായിരുന്നു. എം.ബി.ബി.എസ് പഠനകാലയള വിൽത്തന്നെ ഇത്തരം അറിവുകൾക്കായി ഹ്രസ്വകാലപഠനകാര്യങ്ങൾക്കായി പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
6. സർക്കാർ സർവീസിൽ സുരക്ഷിതത്വം ഉറപ്പാക്കിയ ശേഷം ലീവിലും മറ്റും സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുവാൻ പലരും താത്പര്യം പ്രകടിപ്പിച്ചിരുന്നു. ഇത് അവസാനിപ്പിക്കുന്നതിന് നിയമ നടപടികൾ ഉണ്ടാകണം.
7. പൊതുജനങ്ങളോടുള്ള മനോഭാവം മാറ്റിയെടു ക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടു ള്ളതിനാൽ, എം.ബി.ബി.എസ് പഠനകാലയള വിൽ ഒരു സെമസ്റ്ററെങ്കിലും പബ്ലിക് ഹെൽത്ത് സെന്റർ / കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ നിയോഗിക്കണം. സ്വകാര്യ-സെൽഫ്-ഫിനാൻ സിംഗ് കോളേജുകൾ, വിദേശവിദ്യാഭ്യാസം എന്നിവ വഴി വരുന്നവർക്ക് ഇപ്രകാരമുള്ള ജോലി നിർബന്ധമാക്കാൻ നിയമം കൊണ്ടുവരണം.

| | |
|---|---|
| സി)ഇത്തരത്തിൽ ഡോക്ടർമാരുടെ നിലവാരത്തകർച്ചയ്ക്കുള്ള കാരണങ്ങൾ പരിശോധിക്കുകയു ണ്ടായോ; | സി) കാലാകാലങ്ങളിൽ മൂല്യനിലവാരത്തെക്കുറിച്ചുള്ള പരിശോധനകൾ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് നടത്താറുണ്ട്. മെഡിക്കൽ കോളേജുകളിലെ അധ്യയന നിലവാരം ഉയർത്താനുള്ള വിവിധ നടപടികൾ മെഡിക്കൽ കോളേജുകളിൽ എടുത്തു വരുന്നു. |
| ഡി) നിയന്ത്രണമില്ലാതെ മെഡിക്കൽ കോളേജ് ആരംഭിക്കാനും പ്രവർത്തി പ്പിക്കാനും അനുമതി നൽകിയത്, ഈ രംഗത്ത് മൂല്യശോഷണത്തിനിടയാ ക്കിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | ഡി) സംസ്ഥാന സർക്കാരിന്റെ നോ ഒബ്ജക്ഷൻ / എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് സ്ഥാപനങ്ങളിൽ പരിശോധന നടത്തി ഒരു മെഡിക്കൽ കോളേജ് നടത്തുന്നതിനുള്ള സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും സർക്കാർ ഉറപ്പാക്കുന്നുണ്ട്. അതിനാൽ അത്തരം എൻ.ഒ.സി യോടുകൂടി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളിൽ മൂല്യശോഷണം ഉണ്ടാകാൻ സാദ്ധ്യതയില്ല. |

Sobha C
സെക്ഷൻ ഓഫീസർ